**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4545</u>** **<u>19-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ദേവികുളം മണ്ഡലത്തിൽ പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ദേവികുളം മണ്ഡലത്തിൽ പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | **ദേവികുളം മണ്ഡലത്തിൽ പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.** |
| (ബി) | ഇല്ലെങ്കിൽ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>**പട്ടികജാതി വികസന വകുപ്പിനു** കീഴിൽ ഇടുക്കി ജില്ലയിൽ പീരുമേട്, കുട്ടിക്കാനത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട് .<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിനു** കീഴിൽ ദേവികുളം നിയമസഭാ മണ്ഡലത്തിൽ മൂന്നാർ മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്) പ്രവർത്തിച്ചുവരുന്നുണ്ട് . ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ സ്ഥാപനത്തിൽ പെൺകുട്ടികൾക്ക് കൂടി പ്രവേശനം അനുവദിക്കാൻ സാധിക്കുമോയെന്നും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ